# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** | **07.02.2019 ൽ മറുപടിക്ക്**

**ചോദ്യം നം. 2409**

ആലപ്പാട്ടെ കരിമണൽ ഖനനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പമന്ത്രി) |
| (എ) ആലപ്പാട്ട് കരിമണൽ ഖനനത്തെ സംബന്ധിച്ച് നിയമസഭാ പരിസ്ഥിതി കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുവാൻ സർക്കാർ ഇതുവരെ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) നിയമസഭാ പരിസ്ഥിതി സമിതി (2016-19) യുടെ എട്ടാമത് റിപ്പോർട്ടിൽ പതിനൊന്നു ശിപാർശ കളാണ് ഉണ്ടായിരുന്നത്. ഒന്നാമത്തെ ശിപാർശ നടപ്പാക്കുന്നതിന്റെ ഭാഗമായി ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനന പ്രവർത്തനം നിരീക്ഷിക്കുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ സർക്കാർ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, വിഷയവിദഗ്ധർ എന്നിവർ ഉൾപ്പെട്ട ഒരു പ്രാദേശിക മേൽനോട്ട സമിതിക്ക് രൂപം നൽകി. വ്യവസ്ഥകൾ പാലിച്ച ശാസ്ത്രീയമായി മാത്രം ഖനനം നടത്തുക, സീ വാഷിംഗിനു ആറ് മാസത്തിൽ കുറയാതെയുള്ള ഇടവേള നൽകുക, പ്രദേശത്തിന്റെ പുനരുദ്ധാരണത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുക തുടങ്ങിയ നിർദേശങ്ങളടങ്ങിയ 2,3,4,10,11 എന്നീ ശിപാർശകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി 16.01.2019-ന ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാന പ്രകാരം ആലപ്പാട് പ്രദേശത്തു ശാസ്ത്രീയമായി ഖനനം നടത്തുന്നത് സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് പഠനം നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് NCESS – നെ ചുമതലപ്പെടുത്തു ന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രാഥമിക റിപ്പോർട്ട് പരിശോധിച്ച് സർക്കാർ തീരുമാനമെടു ക്കുന്നത് വരെ ആലപ്പാട് പ്രദേശത്ത് ഐ.ആർ.ഇ.എൽ സീ വാഷിംഗ് നടത്തുവാൻ പാടില്ലായെന്ന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. ആയത് പ്രകാരം 22.01.2019 മുതൽ സീ വാഷിംഗ് നിർത്തിവച്ചിട്ടുണ്ട്. പുലിമുട്ട് നിർമ്മിക്കുക, മാനദണ്ഡ ങ്ങൾ പാലിച്ച, ജനങ്ങളുടെ എതിർപ്പ് ക്ഷണിച്ചു വരുത്താതെ ഖനന പ്രവർത്തനം നടത്തുക, |

ഖനനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള കുഴികൾ നികത്തി ഭൂമി ഉടമസ്ഥർക്ക് തിരികെ നൽകുക, ഏറ്റെടുത്തിരിക്കുന്ന സ്ഥലത്തിന് ഉചിതമായ നഷ്ടപരിഹാരം നൽകുക, മണ്ണൊലിപ്പ് തടയുന്നതിനായി ജലവിഭവ വകുപ്പുമായി ചേർന്ന് നടത്തുവാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതി പൂർത്തിയാക്കുക, കൃഷി നാശം സംഭവിച്ചവർക്ക് നഷ്ട പരിഹാരം നൽകുക തുടങ്ങിയ നിർദേശങ്ങളടങ്ങിയ 2,5,6,7,8 എന്നീ ശിപാർശകൾ നടപ്പാക്കുവാൻ സർക്കാർ കമ്പനിക്ക് നിർദേശം നൽകിയിട്ടുണ്ട്. 16.01.2019-ന മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഖനന പ്രവർത്തികൾ നടക്കുന്ന പ്രദേശങ്ങളിൽ കടൽഭിത്തി, പുലിമുട്ട് എന്നിവയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദേശം നൽകിയിട്ടുണ്ട്. ഇറിഗേഷൻ വകുപ്പ് മുഖേനെ നടത്തുന്ന ഒരു പുലിമുട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ഖനന പ്രദേശത്തെ ബാക്കി പുലിമുട്ടുകളുടെ നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കാനാകുമെന്നുമാണ് ഐ.ആർ.ഇ. അധികൃതർ അറിയിച്ചിരിക്കുന്നത്. ഖനനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള കുഴികൾ മണ്ണിട്ട് പൂർവ്വ സ്ഥിതിയിലാക്കി സ്ഥലത്തിന്റെ ഉടമസ്ഥർക്ക് തിരികെ നൽകുകയും കമ്പനി ഏറ്റെടുത്തിട്ടുള്ള സ്ഥലത്തിന് ഉചിതമായ നഷ്ടപരിഹാരം ലഭിക്കാത്തവർക്ക് എത്രയും വേഗം ആയത് നൽകുകയും ചെയ്യണം എന്നും പ്രസ്തുത യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിലും നടപടികൾ സ്വീകരിച്ചുവരുന്നതായാണ് ഐ.ആർ.ഇ. കമ്പനി അധികൃതർ അറിയിച്ചിട്ടുള്ളത്. കൂടാതെ നാശം സംഭവിച്ചിട്ടുള്ള കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിലും, ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും വേണ്ട നടപടികൾ കൈകൊള്ളാമെന്നും (ശിപാർശ 7) ഐ.ആർ.ഇ. അധികൃതർ അറിയിച്ചിട്ടുണ്ട്. കമ്പനിയുടെ ലാഭത്തിന്റെ ഒരു വിഹിതം ഖനന മേഖലയിലെ ജനങ്ങളുടെ ഉന്നമനത്തിനായി വിനിയോഗിക്കണമെന്ന ഒൻപതാം ശിപാർശയിലെ നിർദേശം നടപ്പാക്കിയിട്ടുണ്ട്. ജില്ലാ മിനറൽ ഫൗണ്ടേഷനിലേക്കു റോയൽറ്റിയുടെ 30% പ്രതിവർഷം മെ. ഐ.ആർ.ഇ. നൽകാറുണ്ട്. കൂടാതെ, ജില്ലാ കളക്ടർ ചെയർമാനായ മൈനിങ് ഏരിയ വെൽഫെയർ ബോർഡിന് ഐ.ആർ.ഇ.എല്ലും കെ.എം.എം.എല്ലും വിഹിതം നൽകുന്നുമുണ്ട്.

| | |
|---|---|
| (ബി) ഖനനത്തെ വിലയിരുത്തുവാൻ ഭൂജല വകുപ്പിന്റെ കീഴിൽ മേൽനോട്ട സമിതി രൂപീകരിച്ചിട്ടുണ്ടോ; | (ബി) ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനന പ്രവർത്തനം നിരീക്ഷിക്കുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ സർക്കാർ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, വിഷയവിദഗ്ധർ എന്നിവർ ഉൾപ്പെട്ട ഒരു പ്രാദേശിക മേൽനോട്ട സമിതിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത സമിതി ഖനനം സംബന്ധിച്ച കാര്യങ്ങൾ കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്യുകയും വ്യവസ്ഥാ ലംഘനങ്ങൾ കണ്ടെത്തുന്ന പക്ഷം നിയമപരമായ പരിഹാര നടപടികൾക്ക് ശുപാർശ ചെയ്യുകയും വേണം. |
| (സി) ഖനനം കഴിഞ്ഞ ഇടങ്ങൾ പൂർവ്വ സ്ഥിതിയിലാക്കി ഉടമകൾക്ക് കൈമാറിയിട്ടുണ്ടോ; | (സി) ഖനനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള കുഴികൾ മണ്ണിട്ട് പൂർവ്വ സ്ഥിതിയിലാക്കി സ്ഥലത്തിന്റെ ഉടമസ്ഥർക്ക് തിരികെ നൽകുകയും കമ്പനി ഏറ്റെടുത്തിട്ടുള്ള സ്ഥലത്തിന് ഉചിതമായ നഷ്ടപരിഹാരം ലഭിക്കാത്തവർക്ക് എത്രയും വേഗം ആയത് നൽകുകയും ചെയ്യണം എന്ന് ഐ.ആർ.ഇ-യോട് ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ ഐ.ആർ.ഇ. കമ്പനി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) ആലപ്പാടിന്റെ പുനരുദ്ധാരണത്തിന് സമഗ്രമാസ്റ്റർ പ്ലാൻ തയ്യാറായിട്ടുണ്ടോ? | (ഡി) തയ്യാറായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**